
2023
JULY
17
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## ഇന്ത്യയുടെ ചിപ് നിർമാണ ശ്രമത്തിന് തിരിച്ചടി



**കൊച്ചി:** വേദാന്ത ഗ്രൂപ്പുമായി ചേർന്നുള്ള സംരംഭത്തിൽനിന്നു ഫോക്സ്കോൺ പിന്മാറിയതിനു പിന്നാലെ ഗാലിയം, ജർമാനിയം എന്നീ ലോഹങ്ങളുടെ കയറ്റുമതി നിയന്ത്രിക്കാനുള്ള ചൈനയുടെ തീരുമാനവും ഇന്ത്യയുടെ സെമി കണ്ടക്ടർ മോഹങ്ങൾക്കു തിരിച്ചടിയാകുന്നു. വാഹനങ്ങൾ, മൊബൈൽ ഫോൺ, സെൻസറുകൾ തുടങ്ങി ഇലക്ട്രോണിക് ഘടകങ്ങളുള്ള മിക്ക ഉൽപന്നങ്ങൾക്കും ആവശ്യമായ ചിപ്പുകളുടെ നിർമാണത്തിന് ഈ ലോഹങ്ങളെയാണ് ആശ്രയിക്കുന്നത്.

യുഎസിലെയും യൂറോപ്പിലെയും ഇലക്ട്രോണിക് വ്യവസായത്തെ ഉന്നംവച്ചുള്ളതാണു ചൈനയുടെ തീരുമാനമെങ്കിലും ചിപ് നിർമാണ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ള ഇന്ത്യയ്ക്കാണു വലിയ ആഘാതം. എട്ടു ലക്ഷത്തോളം കോടി രൂപയുടേതാണു പ്രതിവർഷം ഇന്ത്യയുടെ ഇലക്ട്രോണിക്സ് ഇറക്കുമതി. സെമികണ്ടക്ടറുകൾക്കു വേണ്ടിയാണ് ഇതിൽ രണ്ടര ലക്ഷത്തോളം കോടിയും. കുത്തക എന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ ലോകത്തെ ഗാലിയം ഉൽപാദനത്തിന്റെ 98 ശതമാനവും ജർമാനിയത്തിന്റെ 67 ശതമാനവും ചൈനയുടേതാണ്.

ഇവ ആവശ്യമുള്ള വിദേശ കമ്പനികൾ ചൈനയിൽനിന്നു ലൈസൻസ് സമ്പാദിച്ചിരിക്കണമെന്ന നിബന്ധനയാണുണ്ടായിരിക്കുന്നത്. ചൈനയിൽനിന്നു ലൈസൻസ് നേടുകയെന്നത് എളുപ്പമുള്ള കാര്യമല്ലെന്നു ഇലക്ട്രോണിക്സ് ഉൽപന്ന നിർമാതാക്കൾ പറയുന്നു. ഗാലിയവും ജർമാനിയവും അപൂർവ ലോഹങ്ങളൊന്നുമല്ല. എന്നാൽ ശതകോടികൾ മുടക്കി ഇവയുടെ ഖനനവും ശുദ്ധീകരണവും സാധ്യമാക്കിയിട്ടുള്ളതു ചൈന മാത്രമാണ്. ഇവയുടെ ശേഖരമുള്ള രാജ്യങ്ങൾക്കു ഖനന, ശുദ്ധീകരണ സംവിധാനങ്ങൾ സജ്ജമാക്കാനാകും. പക്ഷേ അതിന് ഒട്ടേറെ വർഷങ്ങൾതന്നെ വേണ്ടിവരും.

സംവിധാനങ്ങൾ സജ്ജമാക്കിയാലും ഉൽപാദനച്ചെലവു ചൈനയിലെക്കാൾഏറെ കൂടുതലാകുമെന്നാണു വിദഗ്ധാഭിപ്രായം. ലോകത്തെ അത്യാധുനിക സെമി കണ്ടക്ടർ ഉൽപാദനത്തിന്റെ 90 ശതമാനവും തയ്‌വാനിലാണ്. ’

യുഎസ്, ജപ്പാൻ, ദക്ഷിണ കൊറിയ, ചൈന എന്നിവിടങ്ങളിലാണു ബാക്കി. ലോകത്തെതന്നെ ഏറ്റവും വലിയ നിർമാതാക്കളായ ഫോക്സ്കോൺ ഗുജറാത്തിലെ അഹമ്മദാബാദിനു സമീപം അനിൽ അഗർവാൾ നേതൃത്വം നൽകുന്ന വേദാന്ത ഗ്രൂപ്പുമായി ചേർന്നു രാജ്യത്തെ ആദ്യ സെമി കണ്ടക്ടർ പ്ലാന്റ് സ്ഥാപിക്കാനാണു പരിപാടിയിട്ടിരുന്നത്. എന്നാൽ 1.54 ലക്ഷം കോടി രൂപയുടെ സംരംഭത്തിൽനിന്നു ഫോക്സ്കോൺ പെട്ടെന്നു പിന്മാറി.

## വിലക്കയറ്റം: തമിഴ്നാട്ടിൽ നിന്ന് പച്ചക്കറി കൊണ്ടുവരാൻ ശ്രമം

**തിരുവനന്തപുരം:** ഊട്ടിയിൽനിന്നു പച്ചക്കറികളെത്തിച്ച് കേരളത്തിലെ തീവില നിയന്ത്രിക്കാൻ ഹോർട്ടികോർപ് നടപടി തുടങ്ങി. തമിഴ്നാട് ഹോർട്ടികോർപ് മിഷൻ മാർക്കറ്റിങ് വിഭാഗം ഉദ്യാഗസ്ഥരുമായി അടുത്തയാഴ്ച ചർച്ച നടത്തുമെന്ന് ഹോർട്ടികോർപ് എംഡി ജെ.സജീവൻ അറിയിച്ചു. കർഷക കൂട്ടായ്മകളുമായി കരാറിൽ ഏർപ്പെടാനാണ് ശ്രമം. തെങ്കാശിയിലെ കർഷക സംഘടനകളുടെ സഹായത്തോടെ നിലവിൽ ഹോർട്ടികോർപ് വിൽപനശാലകളിലേക്ക് പച്ചക്കറി എത്തിക്കുന്നുണ്ട്.



കേരളത്തിൽ വില കൂടുതലുള്ള പച്ചക്കറികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു സംഭരിച്ചും കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്ത് വിൽക്കാനും കൃഷി വകുപ്പ് ആലോചിക്കുന്നു.

പൊതുവിപണിയിൽ പച്ചക്കറി വില കുത്തനെ ഉയരുകയാണ്. തക്കാളി, ഇഞ്ചി എന്നിവയുടെ വില റെക്കോർഡിട്ടു. കനത്ത മഴയെ തുടർന്ന് തമിഴ്നാട്ടിലും കർണാടകത്തിലും ഉണ്ടായ കൃഷിനാശമാണ് വില ഉയരാൻ കാരണം. വിലക്കയറ്റം രൂക്ഷമായതോടെ പല ചെറുകിട വ്യാപാരികളും തക്കാളിയും ഇഞ്ചിയും വാങ്ങുന്നതു നിർത്തി. ഇഞ്ചിക്ക് വിപണിയിൽ 200 രൂപയ്ക്കു മുകളിലാണ് വില. തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ തക്കാളി വില 100 മുതൽ 140 രൂപ വരെയാണ്. സവാളയുടെ വില 30 രൂപയിലേക്കു താഴ്ന്നപ്പോൾ ചെറിയ ഉള്ളി വില 140ൽ എത്തി.

ഒരു മാസത്തിനു ശേഷമേ തമിഴ്നാട്ടിലെയും കർണാടകത്തിലെയും പച്ചക്കറികൾ വിളവെടുപ്പിന് പാകമാകൂ. വില കുറയാൻ അതു വരെ കാത്തിരിക്കണമെന്നാണ് വ്യാപാരികൾ പറയുന്നത്.

## പെട്രോനെറ്റ് എൽഎൻജി ടെർമിനലിൽ രണ്ടാം സ്റ്റോറേജ് ടാങ്ക്; പ്രാഥമിക ആലോചനയിലൊതുങ്ങി

**കൊച്ചി:** പുതുവൈപ്പിലെ പെട്രോനെറ്റ് എൽഎൻജി ടെർമിനലിൽ 600 കോടി രൂപ ചെലവിട്ടു രണ്ടാമതൊരു സ്റ്റോറേജ് ടാങ്ക് നിർമിക്കുന്നതു സംബന്ധിച്ചു നടന്നതു പ്രാഥമിക ആലോചന മാത്രം. പുതിയൊരു ടാങ്കിന്റെ പ്രായോഗികതയെക്കുറിച്ചു വിശദമായ പഠനം നടന്നിട്ടില്ലെന്നാണു വിവരം.

നിലവിലെ ടാങ്കിന്റെ ശേഷിയുടെ 25% പോലും ഉപയോഗിക്കാൻ കഴിയാതെ പ്രതിസന്ധി



നേരിടുകയാണു ടെർമിനൽ. പെട്രോനെറ്റ് എൽഎൻജി ലിമിറ്റഡ് ഭാവി പദ്ധതികളുടെ സാധ്യതകളെക്കുറിച്ചു സ്റ്റോക് എക്സ്ചേഞ്ചുകളായ എൻഎസ്ഇ, ബിഎസ്ഇ എന്നിവയ്ക്കു സമർപ്പിച്ച റിപ്പോർട്ടിലാണു പുതുവൈപ്പ് ടെർമിനലിൽ പുതിയ സംഭരണ ടാങ്ക് നിർമാണ സാധ്യതയും പരാമർശിച്ചത്. അതിനപ്പുറം, പദ്ധതിയെക്കുറിച്ചു ആലോചനകളൊന്നും ഒരു തലത്തിലും നടന്നതായി സൂചനയില്ല.

പുതിയൊരു ടാങ്ക് നിർമിച്ചു ശേഷി വർധിപ്പിക്കുന്നതിനുള്ള സാധ്യത കുറവാണെന്നാണു വിലയിരുത്തൽ. കൊച്ചി മംഗളൂരു എൽഎൻജി പൈപ്ലൈൻ കടന്നു പോകുന്ന മേഖലകളിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ഉയരുകയും മംഗളൂരുവിൽ നിന്നു കൂടുതൽ ആവശ്യം വരികയും ചെയ്താൽ രണ്ടാമതൊരു ടാങ്ക് കൂടി നിർമിച്ചു ശേഷി വർധിപ്പിക്കേണ്ടി വരും

## ചൈനയിൽ ഇ ബൈക്കിന് നിയന്ത്രണം

തെക്കൻ ചൈനീസ് നഗരമായ ഗ്യാങ്ഷുവിൽ പ്രാദേശിക ഭരണകൂടം ഇ ബൈക്കുകൾക്ക് കർശന നിയന്ത്രണമേർപ്പെടുത്തിയതിനു പിന്നാലെ യാത്രയ്ക്കായി ജനം ഇലക്ട്രിക് വീൽചെയർ നിരത്തിലിറക്കി. ഇലക്ട്രിക് വീൽചെയറുകൾക്ക് ഗതാഗതനിയമങ്ങൾ ഒന്നും ബാധകമല്ലെന്ന് മാത്രമല്ല, ഗതാഗതക്കുരുക്കിൽ നിന്ന് ഇവയെ ഒഴിവാക്കാറുമുണ്ട്. ഓഫിസുകളിലും വ്യാപാരസ്ഥാപനങ്ങളിലുമെല്ലാം ഇലക്ട്രിക് വീൽചെയറിൽ നേരിട്ടു പ്രവേശിക്കാമെന്നതിനാൽ പാർക്കിങ് സ്ഥലം കണ്ടെത്തേണ്ട ആവശ്യവുമില്ല.

ഇബൈക്ക് നിയന്ത്രണത്തോടുള്ള പ്രതിഷേധം കൂടിയായയാണ് യുവാക്കൾ വീൽചെയർ യാത്രയ്ക്കായി ഉപയോഗിക്കുന്നത്. ഗ്യാങ്ഷുവിൽ മാത്രം 36 ലക്ഷം ഇ ബൈക്കുകളാണുള്ളത്.



# ഗ്യാപ് റോഡിലെ മലയിടിച്ചിൽ

# മുന്നറിയിപ്പിന് ആധുനിക സംവിധാനമൊരുക്കും

**രാജകുമാരി:** കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ ദേവികുളം ഗ്യാപ് റോഡിൽ മലയിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മുന്നറിയിപ്പ് സംവിധാനമൊരുക്കാൻ ദേശീയപാത വിഭാഗത്തിന്റെ തീരുമാനം. മാണ്ഡി ഐഐടി, ഇന്ത്യൻ കരസേന, ഡിഫൻസ് റിസർച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) എന്നിവ സംയുക്തമായി വികസിപ്പിച്ചെടുത്ത ചെലവ് കുറഞ്ഞ ലാൻഡ്സ്ലിപ് ഡിറ്റക്ഷൻ സിസ്റ്റമാണ് ഗ്യാപ് റോഡിൽ ഉപയോഗിക്കുക. പദ്ധതിക്ക് ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രപ്പോസൽ ഉടൻ സമർപ്പിക്കുമെന്ന് ദേശീയപാത വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ റെക്സ് ഫെലിക്സ് പറഞ്ഞു.

നേരത്തെ കോഴിക്കോട് എൻഐടിയിലെ വിദഗ്ധ സംഘം 2 തവണ ഗ്യാപ് റോഡിലെ തുടർച്ചയായ മലയിടിച്ചിലിനെ കുറിച്ച് പഠനം നടത്തിയിരുന്നു. ഈ പഠന റിപ്പോർട്ടിൽ ഗ്യാപ് റോഡിലെ അപകട ഭീഷണിയുയർത്തുന്ന പാറകൾ പൊട്ടിച്ച് നീക്കി ചെരിഞ്ഞ പ്രതലങ്ങൾ സിമന്റുപയോഗിച്ച് ഉറപ്പിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. ഗ്യാപ് റോഡിലെ അനധികൃത പാറ ഖനനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ



അപകടാവസ്ഥയിലുള്ള പാറ പൊട്ടിച്ച് നീക്കുകയുള്ളൂ എന്നാണ് ദേശീയ പാത വിഭാഗം വ്യക്തമാക്കുന്നത്.

കഴിഞ്ഞ 7 ന് രാവിലെ ഗ്യാപ് റോഡിൽ മലയിടിച്ചിലുണ്ടായ ഭാഗത്തെ പാറയും മണ്ണും നീക്കുന്ന ജോലികൾ തുടരുകയാണ്. പകൽ സമയത്ത് ഒരു വരിയിലൂടെ മാത്രമാണ് ഇവിടെ വാഹന ഗതാഗതം അനുവദിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയാലും ജില്ല ഭരണകൂടത്തിന്റെ നിർദേശം ലഭിച്ചാൽ മാത്രമേ രാത്രികാല ഗതാഗത നിയന്ത്രണം അവസാനിപ്പിക്കൂ എന്നാണ് ദേശീയപാത വിഭാഗത്തിന്റെ നിലപാട്.

ലാൻഡ്സ്ലിപ് ഡിറ്റക്ഷൻ സിസ്റ്റം മലയിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സെൻസറുകൾ പാറയ്ക്കുള്ളിലെ ചെറു ചലനങ്ങൾ പോലും തിരിച്ചറിഞ്ഞ് ജില്ല ദുരന്ത നിവാരണ അതോറിറ്റി ഓഫിസിലേക്ക് വിവരങ്ങൾ കൈമാറും. അതിനാൽ വളരെ പെട്ടെന്ന് തന്നെ പൊതുജനങ്ങളെ വിവരമറിയിക്കാനും ഇതു വഴിയുള്ള ഗതാഗതം നിയന്ത്രിക്കാനും ദുരന്ത നിവാരണ അതോറിറ്റിക്ക് കഴിയും.

പാറ തുരന്നാണ് സെൻസറുകൾ സ്ഥാപിക്കുന്നത്. നേരത്തെ ഹിമാചൽ പ്രദേശിൽ ദേശീയപാത വിഭാഗം ഇത്തരമൊരു മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചിരുന്നു. ഗ്യാപ് റോഡിൽ 12 യൂണിറ്റുകൾ സ്ഥാപിക്കാനാണ് തീരുമാനം. ഓരോ യൂണിറ്റിനും 20000 രൂപ വീതമാണ് ചെലവ് വരുന്നത്

## അങ്കമാലി എരുമേലി ശബരി റെയിൽവേ പദ്ധതി ത്രിശങ്കുവിൽ

**എരുമേലി:** ചെങ്ങന്നൂർ പമ്പ ആകാശപ്പാത വീണ്ടും ചർച്ചയായതോടെ മലയോര മേഖല ഏറെ പ്രതിക്ഷയോടെ കാത്തിരുന്ന അങ്കമാലി എരുമേലി ശബരി റെയിൽവേ പദ്ധതി വീണ്ടും ത്രിശങ്കുവിൽ. അങ്കമാലി എരുമേലി ശബരി പദ്ധതിയെക്കാൾ കേന്ദ്രം ചെങ്ങന്നൂർ പമ്പ ആകാശ പാതയ്ക്കാണു മുൻഗണന നൽകുന്നതെന്ന സൂചന വന്നതോടെയാണ് ആശങ്ക ഉയർന്നത്.

1997,98 വർഷം അംഗീകാരം ലഭിച്ച് തുടക്കം കുറിച്ച പദ്ധതിയാണ് കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ലക്ഷ്യത്തിൽ എത്താതെ ഇഴയുന്നത്. അങ്കമാലിയിൽ ആരംഭിച്ച് ഇടുക്കി കോട്ടയം ജില്ലകളിലൂടെ എരുമേലിയിൽ എത്തുന്നതാണു പദ്ധതി. 70 കിലോമീറ്ററാണ് ആകെ ദൂരം. കോട്ടയം ജില്ലയിലെ രാമപുരം വരെ പദ്ധതിക്കായി കല്ലിട്ട് തിരിച്ചിട്ടുണ്ട്.

എന്നാൽ കല്ലിട്ടു തിരിച്ച സ്ഥലം ഏറ്റെടുക്കാൻ വൈകുന്നതിനാൽ വിൽക്കുവാനും ബാങ്കിൽ പണയം വച്ച് വായ്പ എടുക്കാനും കഴിയാതെ ജനം കാൽനൂറ്റാണ്ടായി ബുദ്ധിമുട്ടുന്നു. ഇതുവരെ 264 കോടി രൂപയാണ് റെയിൽവേ ഈ പദ്ധതിക്കായി ചെലവഴിച്ചത്. പദ്ധതി ഉപേക്ഷിച്ചാൽ ചെലവഴിച്ച തുക നഷ്ടപ്പെടും. അതിനാൽ കേന്ദ്രം ഈ പദ്ധതി എഴുതിത്തള്ളാൻ തയാറാകില്ലെന്ന പ്രതീക്ഷയിലാണു ജനം.



## കാടുകയറി അണക്കെട്ടുകൾ; സുരക്ഷയ്ക്കു വെല്ലുവിളി

**കൊല്ലങ്കോട്** : ഡാം സുരക്ഷയ്ക്കു വെല്ലുവിളി ഉയർത്തി മീങ്കര, ചുള്ളിയാർ അണക്കെട്ടുകളുടെ കെട്ടിൽ പോലും ചെടികൾ വളർന്നു കാടുപിടിച്ച നിലയിൽ.. ആവശ്യത്തിനു ഫണ്ടില്ലാത്തതാണു ചെടികൾ വെട്ടി മാറ്റാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കുന്നതെന്നു ജലസേചന വകുപ്പ് അധികൃതർ പറയുന്നു. കഴിഞ്ഞ ദിവസം സംസ്ഥാന ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പരിശോധനാ സമയത്തു ഡാമിന്റെ കെട്ടിൽ ചെടികൾ വളർന്ന സാഹചര്യം അവർ ചോദ്യം ചെയ്തിരുന്നു.

മീങ്കര, ചുള്ളിയാർ, ആർബിസി എന്നിവിടങ്ങളുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപ്പണിക്കായി 60 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതു വളരെ പഴയ മാനദണ്ഡ പ്രകാരമുള്ള തുകയാണ്. മീങ്കര, ചുള്ളിയാർ, ആർബിസി എന്നിവയുടെ പ്രധാന കനാലുകളുടെ നീളം 36 കിലോമീറ്ററിനടുത്താണ്. കൂടാതെ 60 കിലോമീറ്ററോളം ബ്രാഞ്ച് കനാലുകളുമുണ്ട്. മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, വടവന്നൂർ, പുതുനഗരം, കൊടുവായൂർ പഞ്ചായത്തുകളിലെ നെൽക്കൃഷിക്കു ജലസേചനം നടത്തുന്നത് ഈ കനാലിലൂടെയാണ്.

## ദേശീയ റോബോട്ടിക്സ് മൽസരം; മികച്ച നേട്ടവുമായി തൃശൂർ എഞ്ചിനീയറിംഗ് കോളേജ്

**തൃശൂർ:** ഐഐടി ബോംബെയിൽ നടന്ന ദേശീയ റോബോട്ടിക്സ് മത്സരത്തിൽ തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് ടീമിന് മികച്ച നേട്ടം. ഐഐടിയിൽ നടന്ന ഇയന്ത്ര റോബോട്ടിക്സ് ഔട്ട്റീച്ച് പ്രോഗ്രാമിൽ കോളേജ് ടീം മികച്ച 10 ഫൈനലിസ്റ്റുകളിൽ ഇടം നേടി. കാഴ്ചപരിമിതരുടെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിക്കുന്ന 'സെൻസോറിയം' എന്ന നൂതന പ്രോജക്റ്റിനാണ് അംഗീകാരം.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 490 ടീമുകൾ മാറ്റുരച്ച മത്സരത്തിലാണ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ അശ്വിൻ പി ജോബി, ടെസ്സ ആൻ ജോസി, അലൻ മാമ്മൻ എബ്രഹാം, സോന ഫിലിപ്പ് എന്നീ വിദ്യാർഥികൾ മികവ് തെളിയിച്ചത്.

ബെൽറ്റിലും കൈയുറയിലുമായി ഘടിപ്പിച്ച മൈക്രോസോഫ്റ്റ് കൈനെക്ട് സെൻസർ, ഹാപ്റ്റിക് വൈബ്രേറ്ററുകൾ എന്നിവയുടെ സഹായത്തോടെ കാഴ്ചപരിമിതർക്ക് അവരുടെ ചുറ്റുമുള്ള വസ്തുക്കളും തടസ്സങ്ങളും മനസ്സിലാക്കാനും അതുവഴി ചുറ്റുപാടുമായി അനായാസം ഇടപഴകാനും സഹായിക്കുന്നതാണ് സെൻസോറിയം പദ്ധതി. വലിയ സുരക്ഷിതത്വവും ആത്മവിശ്വാസവും നൽകാൻ ഉതകുന്നതാണ് ഇതെന്ന് പദ്ധതിക്ക് നേതൃത്വം നൽകിയ വകുപ്പ് മേധാവി ഡോ. എം എസ് സിനിത്ത് പറഞ്ഞു.

## കുടുംബങ്ങളുടെ വരുമാനം കൂട്ടാൻ അനെർട്ടിന്റെ ഹരിത പദ്ധതി

**ചേലക്കര:** അനെർട്ടിന്റെ ഹരിത വരുമാന പദ്ധതി പൂർത്തിയായി. പ്രഖ്യാപനം ഇന്ന് രാവിലെ 11നു തോന്നൂർക്കര എംഎസ്എൻ ഓഡിറ്റോറിയത്തിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിക്കും. മന്ത്രി കെ. രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കും. സൗരോർജ പദ്ധതിയുടെ ആനുകൂല്യങ്ങൾ താഴെത്തട്ടിലേക്കും എത്തിക്കുക യെന്ന ലക്ഷ്യം നിറവേറ്റാനായി അനെർട്ട് ആവിഷ്കരിച്ചതാണു ഹരിത വരുമാന പദ്ധതി.



ലൈഫ് മിഷൻ വീടുകൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വീടുകൾ എന്നിവിടങ്ങളിൽ സൗജന്യമായി 3 കിലോ വാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റ് സ്ഥാപിച്ച് സൗജന്യ വൈദ്യുതിയും അധിക വരുമാനവും ലഭ്യമാക്കുന്നതാണു പദ്ധതി.സംസ്ഥാന സർക്കാർ 1,33,117 രൂപയും കേന്ദ്ര സർക്കാർ 57,382 രൂപയും ഒരു വീടിനു വേണ്ടി ചെലവഴിച്ചാണു പദ്ധതി നടപ്പാക്കിയത്. ഇൻഡക്ഷൻ സ്റ്റൗവും പദ്ധതി പ്രകാരം അനെർട്ട് നൽകുന്നുണ്ട്. പദ്ധതി പ്രകാരം 18000 രൂപയുടെ വാർഷിക വരുമാനം ഓരോ കുടുംബത്തിനും ഉണ്ടാകുമെന്നാണു കണക്കാക്കുന്നത്. വീടുകളിൽ സ്ഥാപിച്ചിട്ടുള്ള സോളർ പാനലുകൾക്ക് 25 വർഷത്തെ വാറന്റിയുണ്ട്. തിരുവനന്തപുരം, ആലപ്പുഴ,തൃശൂർ ജില്ലകളിലായി 305 വീടുകളിലാണു പട്ടിക ജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ചേലക്കര മണ്ഡലത്തിലെ 8 കോളനികളിലായി 42 വീടുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

# സിഎസ്ആർ കോൺക്ലേവ് വൈഫൈ 23; വയനാട് ജില്ലയ്ക്ക് മികച്ച വാഗ്ദാനം



**പടിഞ്ഞാറത്തറ :**സമഗ്രവികസനം എന്ന ലക്ഷ്യവുമായി സിഎസ്ആർ (കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) കോൺക്ലേവ് വൈഫൈ 23ലൂടെ വയനാട്ടിലേക്കെത്തുന്നതു കോടികളുടെ പദ്ധതികൾ. 56 കോടി രൂപയുടെ അനിവാര്യ പദ്ധതികൾ വിവിധ വകുപ്പുകൾ സിഎസ്ആർ ഏജൻസികൾക്കു മുന്നിൽ അവതരിപ്പിച്ചു. അടിയന്തര ശ്രദ്ധ പതിയേണ്ട 46 മേഖലകൾ തിരഞ്ഞെടുത്തായിരുന്നു അവതരണം. സംസ്ഥാനത്ത് ആദ്യമായി സംഘടിപ്പിക്കപ്പെട്ട സിഎസ്ആർ കോൺക്ലേവിൽ പങ്കെടുക്കാൻ ഒട്ടേറെ കമ്പനികളാണു ചുരം കയറിയെത്തിയത്. പടിഞ്ഞാറത്തറ താജ് വയനാട് റിസോർട്സ് ആൻഡ് സ്പായിൽ നടന്ന കോൺക്ലേവിൽ 24 സിഎസ്ആർ ഏജൻസികൾ നേരിട്ടും 5 കോർപറേറ്റ് ഏജൻസികൾ ഓൺലൈൻ വഴിയും പങ്കെടുത്തു.

സർക്കാർ പദ്ധതികൾക്കൊപ്പം സമൂഹത്തിന്റെ ഉന്നമനത്തിന് പൊതുസമൂഹത്തിന്റെ കരുതലും കൈത്താങ്ങും അനിവാര്യമാണ്. കോർപറേറ്റ് കമ്പനികളുടെയും ഏജൻസികളുടെയും സംരംഭകരുടെയും സാമൂഹിക പ്രതിബദ്ധതാ പിന്തുണ ഇതിനെല്ലാം ശക്തി പകരും. ആരോഗ്യം, ആദിവാസി, കൃഷി മേഖലകളിലും അടിസ്ഥാന സൗകര്യ വികസനത്തിലും ഇത്തരത്തിൽ ലഭ്യമാകുന്ന തുക കരുതലോടെ വിനിയോഗിക്കണം.

വിവിധ വകുപ്പുകൾ സെക്ടറുകളായി തിരിച്ചാണ് കോൺക്ലേവിൽ വിഷയാവതരണം നടത്തിയത്. സർക്കാർ പദ്ധതികളോടൊപ്പം സാമൂഹിക പ്രതിബദ്ധതാ ഫണ്ട് കൂടി ലഭ്യമാക്കി ജില്ലയിൽ അതിവേഗ വികസനം സാധ്യമാക്കുകയാണു ലക്ഷ്യം. പ്രമുഖ കമ്പനികളെല്ലാം അവരുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ ലഭ്യമാക്കാൻ സന്നദ്ധത അറിയിച്ചു. നഗരങ്ങൾ കേന്ദ്രീകരിച്ചാണ് സിഎസ്ആർ ഫണ്ട് കൂടുതലായി വിനിമയം ചെയ്യപ്പെടുന്നത്. വയനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗ്രാമീണ പിന്നാക്ക മേഖലകളിലും സിഎസ്ആർ ഫണ്ട് വഴി വികസനമെത്തിക്കുകയാണ് വൈഫൈ കോൺക്ലേവ് എന്ന ആശയം. സംസ്ഥാന സർക്കാർ, നിതി ആയോഗ്, കെഎസ്ഐഡിസി, വയനാട് ഡിടിപിസി, ഐടി മിഷൻ എന്നിവരുടെയും പിന്തുണയിലാണ് വൈഫൈ 23 കോൺക്ലേവ് നടന്നത്.

ജില്ലയുടെ സമഗ്രവികസനമാണ് വൈഫൈ 23 കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആദ്യമായി നടത്തിയ സിഎസ്ആർ കോൺക്ലേവിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ചുരുങ്ങിയ കാലയളവിനുള്ളിൽ മികവുറ്റ തയാറെടുപ്പുകളോടെയാണ് ജില്ല കോൺക്ലേവിന് ഒരുങ്ങിയത്. ജില്ലാ ഭരണകൂടത്തിന്റെയും വിവിധ വകുപ്പുകളുടെയും അക്ഷീണമായ പ്രവർത്തനം ഇതിനു പിന്നിലുണ്ട്.

കോൺക്ലേവ് വൈഫൈ 23ലൂടെ ഒട്ടേറെ പദ്ധതികൾക്കാണ് സഹായ വാഗ്ദാനം ലഭിച്ചത്. വയനാടിന് ലക്കിടിയിൽ ആകർഷകമായ ഗേറ്റ് താജ്ഗ്രൂപ്പ് ഒരുക്കും. വൈഫൈ 23യിൽ താജ് വയനാട് ഉടമ എൻ. മോഹൻകൃഷ്ണനാണ് ഇക്കാര്യം അറിയിച്ചത്. സെൻട്രൽ വെയർ ഹൗസ് വയനാട് മെഡിക്കൽ കോളജിനും പേരിയ കമ്യൂണിറ്റി സെന്ററിനും 28 ലക്ഷം രൂപയുടെ ധനസഹായം നൽകും. പെട്രോനെറ്റ്സ് അടിസ്ഥാന സൗകര്യം ഒരുക്കും. കെഎസ്ഐഡിസി ജില്ലയിലെ വിവിധ പദ്ധതികൾക്ക് പിന്തുണ നൽകും. ഫെഡറൽ ബാങ്ക് സിഎസ്ആർ ഫണ്ടിൽ നിന്ന് വയനാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ പങ്കാളിയാകും.

ഹാരിസൺ മലയാളം ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ പങ്കാളിയാകും. ആരോഗ്യമേഖല, ആദിവാസി മേഖലകൾ എന്നിവയിൽ സഹായം എത്തിക്കും. സ്കൂൾതല ദുരന്തനിവാരണ പദ്ധതിയിലും പങ്കാളിയാകും. കബനി വാലി റോട്ടറി ക്ലബ് അടിസ്ഥാന വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതിയിൽ ധനസഹായം നൽകും. ഫാർമസ്യൂട്ടിക്കൽ കമ്പനി കേരളയും സഹായ സന്നദ്ധത അറിയിച്ചു. പിരാമൽ ഫൗണ്ടേഷൻ വിദ്യാഭ്യാസ ആരോഗ്യമേഖലയിൽ ആസ്പിരേഷനൽ ജില്ലയ്ക്ക് സഹായമൊരുക്കും. ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ് ആസ്റ്റർ വൊളന്റിയേഴ്സ്, എച്ച്ഡിഎഫ്സി, ആക്സിസ് ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവർ ജില്ലയുടെ വികസനത്തിൽ പങ്കാളിയാകാമെന്ന് ഏറ്റിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആരോഗ്യമേഖലയിൽ സഹായങ്ങൾ എത്തിക്കും. ഇസാഫ് ബാങ്ക് ജില്ലയുടെ പദ്ധതികളിൽ അനുയോജ്യമായതിൽ പങ്കാളിയാകും. ഐസിഐസിഐ ബാങ്ക് അനുയോജ്യമായ പദ്ധതി നിർവഹണം നടത്തും. കാനറ ബാങ്ക് പട്ടിവർഗവികസനത്തിലും ടൂറിസം വികസനത്തിലും പങ്കുചേരും.

# കുട്ടിപ്പുല്ല് പാർക്ക് യാഥാർഥ്യമാകുന്നു; 83 ലക്ഷം രൂപയുടെ ഭരണാനുമതി

**നടുവിൽ:** ഏറെ നാളത്തെ കാത്തിരിപ്പിനു ശേഷം നടുവിൽ പഞ്ചായത്തിലെ കുട്ടിപ്പുല്ല് പാർക്ക് യാഥാർഥ്യമാകുന്നു. കുട്ടികളെ ലക്ഷ്യമിട്ടുള്ള പാർക്ക്, വിശ്രമകേന്ദ്രം, ശുചിമുറി എന്നിവയാണ് പദ്ധതിയിലുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചാലഞ്ച് പദ്ധതിയിൽ പാർക്കിന് 83 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. വിനോദസഞ്ചാര വികസനത്തിന് തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചാലഞ്ച്. 83 ലക്ഷം രൂപയിൽ 49.8 ലക്ഷം രൂപ വിനോദസഞ്ചാര വകുപ്പ് നൽകും. 33.2 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമാണ്. പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിനു ശേഷമേ വിനോദസഞ്ചാര വകുപ്പ് വിഹിതം ലഭിക്കൂ. പദ്ധതിയുടെ സാങ്കേതികാനുമതി പഞ്ചായത്ത് നൽകണം. നിർവഹണ ഏജൻസിയും പഞ്ചായത്താണ്.

3000ൽ അധികം അടി ഉയരത്തിലുള്ള കുട്ടിപ്പുല്ല് പ്രകൃതി രമണീയമായ സ്ഥലമാണ്. ദിനം പ്രതി നൂറുകണക്കിന് സഞ്ചാരികൾ ഇവിടെ എത്തുന്നു. ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ പൈതൽമലയും പാലക്കയംതട്ടും ഇതിനു സമീപത്താണ്. വ്യക്തി സൗജന്യമായി നൽകിയ മുക്കാൽ ഏക്കർ സ്ഥലത്താണ് പാർക്ക് നിർമിക്കുക. മലയോരമേഖലയിലെ എല്ലാ ഭാഗത്തുംനിന്ന് ഇവിടെ എത്താൻ വഴികളുണ്ട്. ആലക്കോട് ഭാഗത്ത് നിന്ന് നെല്ലിക്കുന്ന്, നൂലിട്ടാമല, കരാമരംതട്ട് വഴിയും തളിപ്പറമ്പ് കരുവഞ്ചാൽ ഭാഗത്തു നിന്ന് കാവുംകുടി, പാത്തൻപാറ വഴിയും കുടിയാൻമല ഭാഗത്തുനിന്ന് കനകക്കുന്ന്, നരയൻകല്ലുതട്ട്, കരാമരംതട്ട് വഴിയും കാപ്പിമല ഭാഗത്ത് നിന്ന് റിവേഴ്സ്, കരാമരംതട്ട് വഴിയും ഇവിടെ എത്താം.

## അസിസ്റ്റന്റ് സയന്റിസ്റ്റ് ഒ എം ആർ പരീക്ഷ 19ന്

**കൊല്ലം:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് സയന്റിസ്റ്റ് തസ്തികയിലേക്ക് (കാറ്റഗറി നം:582/2022) ജൂൺ 29ന് നടത്താൻ തീരുമാനിച്ച ഒ എം ആർ പരീക്ഷ ജൂലൈ 19ന് രാവിലെ 7:15 മുതൽ 9:15 വരെ നടത്തും. പരീക്ഷ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

ഉദ്യോഗാർഥികൾ ജൂൺ 29ന് ലഭ്യമായ പ്രവേശന ടിക്കറ്റുമായി അതേ പരീക്ഷാ കേന്ദ്രത്തിൽ ഹാജരാവണം. ഫോൺ: 04742743624, 9447785463.

## ദുരന്തങ്ങൾ നേരിടാൻ കുടുംബശ്രീ ബാലസഭാ അംഗങ്ങൾ

**കൊല്ലം:** പുതുതലമുറയെ പ്രകൃതി ദുരന്തങ്ങൾ നേരിടാൻ തയാറാക്കുന്ന 'സജ്ജം സുരക്ഷിതരാവാം സുരക്ഷിതരാക്കാം' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ബാലസഭാംഗങ്ങൾക്കുള്ള ബ്ലോക്ക് തലത്തിലുള്ള പരിശീലനത്തിന് തുടക്കമായി.

44 മാസ്റ്റർ പരിശീലകരും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രതിനിധികളും കുടുംബശ്രീയും ചേർന്ന് തയ്യാറാക്കിയ മോഡ്യൂളിന്മേൽ 13നും 17നും ഇടയിൽ പ്രായമുള്ള 74 സി ഡി എസുകളിലെ 7500 ബാലസഭ കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.

പ്രകൃതി, പരിസ്ഥിതി, ദുരന്ത ആഘാത ലഘൂകരണം, അവകാശങ്ങളും ഉത്തരവാദിത്വങ്ങളും എന്നീ വിഷയങ്ങളിൽ അവബോധം നൽകുന്നതിനൊപ്പം പ്രളയം, ഉരുൾപൊട്ടൽ, വരൾച്ച, മണ്ണിടിച്ചിൽ, കടൽക്ഷോഭം തുടങ്ങിയ പ്രകൃതി ദുരന്ത സാധ്യതകളെ അറിയുന്നതിനും നിലവിലെ ദുരന്തനിവാരണ സംവിധാനങ്ങളെ മനസിലാക്കുന്നതിനും ഇതിലൂടെ അവസരമൊരുങ്ങും. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചും വിവിധ പ്രവർത്തനങ്ങളിലൂടെ പരിശീലനം നൽകും.

വിദഗ്ധർ ഉൾപ്പെട്ട സംസ്ഥാന സാങ്കേതിക സമിതി തയ്യാറാക്കിയ പ്രത്യേക മോഡ്യൂളുകൾ പ്രകാരമാണ് പരിശീലനം.

ദുരന്ത സാധ്യതകളെ മനസ്സിലാക്കി ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ വ്യക്തിയെയും സമൂഹത്തെയും സജ്ജരാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ജില്ലയിൽ ആദ്യമായാണ് പ്രകൃതിദുരന്ത സാഹചര്യങ്ങളെ അതിജീവിക്കാനും പ്രതിരോധിക്കാനുമായി കുട്ടികൾക്ക് പരിശീലനം നൽകുന്നത്. തുടർന്ന് അതത് പ്രദേശത്തെ ദുരന്തസാധ്യത ഭൂപടവും തയ്യാറാക്കും.

## ഏകദിന പരിശീലനം

**തിരുവനന്തപുരം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സംരംഭകൻ/ സംരഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് മത്സ്യത്തിന്റെ സംരംഭകത്വ സാധ്യതകൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയെ കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ 26ന് രാവിലെ 9.30 മുതൽ 4.30 വരെയാണ് പരിശീലനം.

താത്പര്യമുള്ളവർ www.kied.info യിൽ 20 ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുത്ത 50 പേർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04842550322, 2532890.

## ശിശുക്ഷേമം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** സംസ്ഥാന ശിശുക്ഷേമ സമിതി ആദ്യമായി ഏർപ്പെടുത്തിയ ശിശുക്ഷേമം സ്കോളർഷിപ്പിന് വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

സർക്കാരിന്റെ അതിദാരിദ്ര്യ വിഭാഗം പട്ടികയിൽ ഉൾപ്പെട്ടവർക്കും ഗോത്ര, ആദിവാസി വിഭാഗത്തിലുള്ളവർക്കുമാണ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. 2023 ൽ എസ്എസ്എൽസി പാസായി ഉപരിപഠനത്തിന് ചേർന്ന ഈ വിഭാഗത്തിലുള്ളവർക്ക് അപേക്ഷിക്കാം. ജില്ലാ ശിശുക്ഷേമ സമിതി മുഖാന്തിരമാണ് അർഹരായവരെ തെരഞ്ഞെടുക്കുക.

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ എസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ ചേർക്കണം.

ആദിവാസി ഗോത്ര മേഖലയിൽ താമസിക്കുന്നവർ ജില്ലാ ട്രൈബൽ ഓഫീസറുടെ സാക്ഷ്യപത്രം, എസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ അപേക്ഷക്കൊപ്പം നൽകണം. അപേക്ഷകൾ ശറൗസ സശൌെൌ@ഴാമശഹ.രീാ എന്ന ഇമെയിലിലോ, സെക്രട്ടറി, ജില്ലാ ശിശുക്ഷേമ സമിതി, പൈനാവ് പി.ഒ., പൈനാവ്, ഇടുക്കി685603 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ ജൂലൈ 30 ന് മുമ്പ് ലഭ്യമാക്കണം.

## വാക്ക് ഇൻ ഇന്റർവ്യു

**ഇടുക്കി:** ഗവ. മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലേക്ക് ജൂനിയർ റസിഡന്റുമാരെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജൂലൈ 19 ന് വാക് ഇൻ ഇന്റർവ്യു നടത്തും.

എം.ബി.ബി.എസ്, ഒരുവർഷത്തെ ഇന്റേൺഷിപ്പ്, ടി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുള്ളവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. പ്രതിഫലം 45000 രൂപയായിരിക്കും. യോഗ്യരായ ഉദ്യോഗാർഥികൾ, എസ്.എസ്.എൽ.സി, സർട്ടിഫിക്കറ്റ്, പ്ലസ് ടു സർട്ടിഫിക്കറ്റ്, എം.ബി.ബി.എസ് മാർക്ക് ലിസ്റ്റുകൾ, എം.ബി.ബി.എസ് സർട്ടിഫിക്കറ്റ്, ടി.സി.എം.സി രജിസ്ട്രേഷൻ അല്ലെങ്കിൽ കെ.എസ്.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ ഒറിജിനലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും തിരിച്ചറിയൽ രേഖകളും സഹിതം ഇടുക്കി ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ ജൂലൈ 19 ന് രാവിലെ 11 മണിക്ക് ഹാജരാകണം.

## സ്പോർട്സ് കൗൺസിലിൽ ഒഴിവ്

**കൊല്ലം:** കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഒഴിവുള്ള വോളിബോൾ, ഹാൻഡ് ബോൾ, ബാസ്ക്റ്റ് ബോൾ പരിശീലകരുടെ തസ്തികകളിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട കായിക ഇനത്തിൽ എൻ.ഐ.എസ് യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർക്ക് 01.01.2023ന് 45 വയസ് കവിയരുത്. യോഗ്യരായ ഉദ്യോഗാർഥികൾ 20ന് രാവിലെ 11ന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നടക്കുന്ന വാക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണം.



# ചാലക്കമ്പോളം പൈതൃക വികസന പദ്ധതി വഴിമുടക്കിയത് വിനോദ സഞ്ചാര വകുപ്പ്

**തിരുവനന്തപുരം:** ജില്ലയിലെ ഏറ്റവും വലിയ വ്യാപാര കേന്ദ്രമായ ചാല കോഴിക്കോട് മിഠായി തെരുവു മാതൃകയിൽ നവീകരിക്കാനുള്ള പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കാൻ കാരണം വിനോദ സഞ്ചാര വകുപ്പ് പണം നൽകാത്തതിനാൽ. ആദ്യ ഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി കച്ചവടക്കാർക്ക് കാബിനുകൾ നിർമിക്കാനുള്ള പണം മാത്രമാണ് വകുപ്പ് ചെലവഴിച്ചത്.

അതും സർക്കാരിൽ നിന്ന് ഭരണാനുമതി നേടാതെ. തുടർ നിർമാണങ്ങൾക്ക് പണം വകയിരുത്താത്തതിനാൽ ഇപ്പോൾ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നിരിക്കുകയാണ്. അതേസമയം, കോടികൾ മുടക്കി നിർമിച്ച പ്രത്യേക കാബിനുകൾ അനാഥാവസ്ഥയിലാണ് .മുൻ സർക്കാരിന്റെ കാലത്ത് കടകംപള്ളി സുരേന്ദ്രൻ ടൂറിസം മന്ത്രിയായിരിക്കെയാണ് ചാല നവീകരണ പദ്ധതിക്ക് തറക്കല്ലിട്ടത്.

പൈതൃക പാരമ്പര്യം നിലനിർത്തി കെട്ടിടങ്ങൾ നവീകരിച്ചും പാർക്കിങ് സ്ഥലങ്ങൾ ഒരുക്കിയും കമ്പോളം നവീകരിക്കാനായിരുന്നു പദ്ധതി. നിയമസഭ തിരഞ്ഞെടുപ്പിന് തൊട്ടു മുൻപ് 2020 ഫെബ്രുവരി 25 ന് ആദ്യ ഘട്ടത്തിന്റെ ഉദ്ഘാടനം നടത്തിയതിനു പിന്നാലെ പദ്ധതി നിലച്ചു. ടൂറിസം വകുപ്പ് പണം ഇല്ലെന്നു പറഞ്ഞ് കൈ ഒഴിഞ്ഞതിനെ തുടർന്നാണ് തീരുമാനം.

ആവശ്യം പോലെ ഫണ്ട് കൈവശമുള്ള സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിനെ ചാല നവീകരണം ഏൽപിക്കാനായി പിന്നെയുള്ള തീരുമാനം. സ്മാർട്ട് സിറ്റി പുതിയ രൂപരേഖ തയാറാക്കി. ഇതിന് കഴിഞ്ഞ ദിവസം കൂടിയ യോഗം അംഗീകാരം നൽകിയിട്ടുണ്ട്.അതേസമയം, ഒന്നാം ഘട്ടത്തിൽ കച്ചവടക്കാർക്കായി നി!ർമിച്ച കാബിനുകൾ മിക്കതും ഒഴിഞ്ഞു കിടക്കുകയാണ്. ഇവയ്ക്കു പുറത്തിരുന്നാണ് ചെറുകിട കച്ചവടക്കാർ ഇപ്പോഴും വ്യാപാരം നടത്തുന്നത്.

തിരുവിതാംകൂറിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായ ചാല കമ്പോളം നവീകരണം വൈകിപ്പിക്കരുതെന്ന് തണൽക്കൂട്ടം സൊസൈറ്റീസ് ഫോർ കൾചറൽ ഹെറിറ്റേജ് നേതൃയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

ഇത് സംബന്ധിച്ച നിവേദനം സർക്കാരിന് കൈമാറി. ചാല കമ്പോളത്തിന്റെ പൗരാണികതയും തനിമയും നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തതും 2020 ൽ ഉദ്ഘാടനം നടത്തിയതും.

പുതിയ രൂപരേഖ തയാറാക്കിയാൽ തന്നെ വിവിധ തരം അനുമതികൾക്ക് പുറമേ ഫണ്ടും ലഭ്യമാക്കാൻ വലിയ കാല താമസം നേരിടും. ഇത് ചാല പൈതൃക പദ്ധതി വൈകിപ്പിക്കുമെന്ന ആശങ്കയുണ്ടെന്ന് പ്രസിഡന്റ് വഞ്ചിയൂർ രാധാകൃഷ്ണൻ സെക്രട്ടറി അനിൽ നെടുങ്ങോട്, എന്നിവർ പറഞ്ഞു.

## തിരുവനന്തപുരം വിമാനത്താവളം ബാഗേജ് പരിശോധനയ്ക്ക് ഇൻ ലൈൻ റിമോട്ട് സ്ക്രീനിങ്

**തിരുവനന്തപുരം:** വിമാനത്തിലെ ചെക്ക് ഇൻ ബാഗേജിൽ നിരോധിത വസ്തുക്കൾ കൊണ്ടുപോകുന്നതു തടയാൻ തിരുവനന്തപുരം വിമാനത്താവളത്തിൽ കൂടുതൽ സംവിധാനങ്ങൾ വരുന്നു. എയർപോർട്ടിലെ ഇൻലൈൻ റിമോട്ട് ബാഗേജ് സ്ക്രീനിങ് സൗകര്യം ഉപയോഗിച്ച് ബാഗേജിലെ നിയന്ത്രിത ഇനങ്ങൾ കണ്ടെത്താൻ കഴിയും. കണ്ടെത്തുന്ന സാധനങ്ങൾ ബാഗേജിൽ നിന്ന് ഒഴിവാക്കണം.ഏപ്രിലിൽ രാജ്യാന്തര ടെർമിനലിൽ 1012 ബാഗുകളിൽ നിരോധനമുള്ള ഉൽപന്നങ്ങൾ കണ്ടെത്തി. മേയിൽ ഇത് 1201 ആയി. ജൂണിൽ 1135 ബാഗുകളിൽ നിന്ന് നിരോധിത വസ്തുക്കൾ നീക്കം ചെയ്തു. പ്രതിദിനം ശരാശരി മുപ്പതിലധികം ബാഗുകളിലാണ് തുറന്നു പരിശോധിക്കേണ്ടി വരുന്നത്.

ലൈറ്റർ, കൊപ്ര, തീപ്പെട്ടി, ഇ സിഗരറ്റ്, ഹിറ്റ്, വിഷം, കർപ്പൂരം, ഇൻബിൽറ്റ് ബാറ്ററിയോടു കൂടിയ ബാഗ്, ക്ലോറിൻ, സ്പ്രേ പെയിന്റ്, പെപ്പർ സ്പ്രേ, പടക്കം, കംപ്രസ്ഡ് ഗ്യാസ് സിലിൻഡർ, ടർപന്റൈനും പെയിന്റ് തിന്നറും, സാറ്റലൈറ്റ് ഫോൺ, ലൈറ്റർ ഫ്ലൂയിഡ്, ജിപിഎസ് ട്രാക്കർ, ചാർക്കോൾ, വളം, വെടിമരുന്ന്, സ്പില്ലബിൾ ബാറ്ററി, ദ്രവ ഓക്സിജൻ തുടങ്ങിയ സാധനങ്ങൾ വിമാനത്തിൽ കൊണ്ടുപോകാൻ പാടില്ല.

## നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം

**ആലപ്പുഴ:** ജില്ലയിലെ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023 24 വാർഷിക പദ്ധതി സ്പിൽ ഓവർ ഉൾപ്പെടുത്തി പരിഷ്കരിച്ചതിന് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സണും ജില്ല പഞ്ചായത്ത് പ്രസിഡന്റുമായ കെ.ജി രാജേശ്വരിയുടെ അധ്യക്ഷതയിൽ ജില്ല ആസൂത്രണ സമിതി ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗം ആർ. റിയാസ്, ബിനു ഐസക് രാജു, ജില്ല പ്ലാനിംഗ് ഓഫീസർ(ഇൻ ചാർജ്ജ്) ദീപ ശിവദാസൻ, തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ചേർത്തല തെക്ക്, വെളിയനാട്, പാലമേൽ ഗ്രാമപഞ്ചായത്തുകളുടെയും ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും വാർഷിക പദ്ധതി സ്പിൽ ഓവർ ഉൾപ്പെടുത്തി പരിഷ്കരിച്ചതിനാണ് അംഗീകാരം നൽകിയത്.

## ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽ ചെയർ നൽകണം

സംസ്ഥാനത്തെ ശാരീരിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിഭാഗക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി ഇലക്ട്രിക് വീൽ ചെയർ വാങ്ങി നൽകാൻ വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താത്പര്യം കാണിക്കുന്നില്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഉത്തരവ് പാലിക്കണമെന്നും പദ്ധതി സമയബന്ധിതമായി നടപ്പാക്കണമെന്നും സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച് പഞ്ചാപകേശൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ശുപാർശ ഉത്തരവ് നൽകി.

## കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബി.വോക് കോഴ്സ്

**പത്തനംതിട്ട:** ഐ.എച്ച്.ആർ.ഡി.യുടെ കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിൽ നൈപുണ്യ അധിഷ്ഠിത ബിരുദ ബി. വോക് സൈബർ സെക്യൂരിറ്റി കോഴ്സ് ആരംഭിക്കുന്നതിന് എപിജെ അബ്ദുൽകലാം ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക അനുമതി ലഭിച്ചു.24 വിദ്യാർഥികൾക്കാണ് പ്രവേശനം. പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത.അഡ്മിഷൻ നടപടി ക്രമങ്ങൾ ഉടൻ ആരംഭിക്കും. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സൈബർ സെക്യൂരിറ്റിയിൽ തുടങ്ങുന്ന ആദ്യത്തെ ബി വോക് കോഴ്സാണ് കല്ലൂപ്പാറ കോളേജിലേത്.മൂന്നു വർഷമാണ് കോഴ്സ് കാലാവധി.

വിവിധ സാങ്കേതിക വിജ്ഞാന മേഖലകളിൽ നൈപുണ്യ അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയാണ് ബി.വോക്.ഓട്ടോമോട്ടീവ് മാനുഫാക്ച്ചറിംഗ്, പ്രൊഡക്ഷൻ ടെക്നോളജി മുതൽ സർഗാത്മക മേഖലകളായ ഗ്രാഫിക്സ് ആന്റ് മൾട്ടീമീഡിയ, വെബ് ഡിസൈൻ മുതലായവയും പുതു തലമുറയുടെ ആവശ്യകതയായ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗത്തിലൂന്നിയ സൈബർ സുരക്ഷാ പോലെയുള്ള പഠനവുമാണ് കോഴ്സുകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

# സ്വാപ്പ് ഷോപ്പിലേക്ക് വസ്ത്രങ്ങൾ നൽകി ഐ.എം.എ



**കൊച്ചി:** ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സ്വാപ്പ് ഷോപ്പിലേക്ക് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ(ഐ.എം.എ) വസ്ത്രങ്ങൾ കൈമാറി. ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗ്രീൻ കൊച്ചി മിഷന്റെ സഹകരണത്തോടെ കളക്ടർ എൻ എസ് കെ ഉമേഷിനു വസ്ത്രങ്ങൾ കൈമാറിയത്. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റ ഭാഗമായാണ് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നവകേരളം മിഷന്റെ സഹകരണത്തോടെ സിവിൽ സ്റ്റേഷനിൽ സ്വാപ്പ് ഷോപ് ആരംഭിച്ചത്. ഉപയോഗയോഗ്യമായ വസ്തുക്കൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന കേന്ദ്രമാണിത്. ഫർണിച്ചർ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഗാർഹിക ഉപകരണങ്ങൾ, തുണിത്തരങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുകയാണ് സ്വാപ്പ് ഷോപ്പിലൂടെ ലക്ഷ്യമിടുന്നത്.ആദ്യ ഘട്ടത്തിൽ ജീവനക്കാരിൽ നിന്നും ശേഖരിച്ചിട്ടുള്ള വസ്ത്രങ്ങൾ, ആഭരണങ്ങൾ, പുസ്തകങ്ങൾ, ചെരുപ്പുകൾ തുടങ്ങിയ വസ്തുക്കളാണ് സ്വാപ് ഷോപ്പിലൂടെ ലഭിക്കുന്നത്. സിവിൽ സ്റ്റേഷനിലുള്ള മറ്റു ഓഫീസുകളിലെ ജീവനക്കാർക്കോ, സന്ദർശകർക്കോ ഷോപ്പിൽ നിന്നും സാധനങ്ങൾ വാങ്ങുകയോ സാധനങ്ങൾ ഷോപ്പിൽ നൽകുകയോ ചെയ്യാം.കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ശുചിത്വമിഷൻ ജില്ലാ കോഓഡിനേറ്റർ കെ കെ മനോജ്, നവ കേരള മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ് രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റ് ഡോ. ശ്രീനിവാസ് കമ്മത്ത്, സെക്രട്ടറി ഡോ. ജോർജ് തുകലൻ, അസിസ്റ്റന്റ് കോഓഡിനേറ്റർ കെ ജെ ലിജി എന്നിവർ പങ്കെടുത്തു.

# ധീര ഷീ ഫൈറ്റ്; അതിക്രമങ്ങളെ നേരിടാൻ പെൺകുട്ടികളെ സ്വയം പ്രാപ്തരാക്കി എടക്കാട്ടുവയൽ



**കൊച്ചി:** അതിക്രമങ്ങളെ സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ച് എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്. ധീര ഷീ ഫൈറ്റ് എന്ന പേരിൽ സംഘടിപ്പിച്ച സ്വയം പ്രതിരോധ പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് കെ. ആർ. ജയകുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ ജാഗ്രതാ സമിതി ജെന്റർ റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിലാണ് കൗമാരക്കാരായ പെൺകുട്ടികൾക്കായി സ്വയം പ്രതിരോധം പരിശീലന പരിപാടി ഒരുക്കിയത്. പെൺകുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ സമൂഹത്തിൽ വർധിച്ചുവരുന്ന സാഹചര്യത്തിലാണ് അവയെ സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന് കീഴിൽ പദ്ധതി നടപ്പിലാക്കിയത്. കൂടാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുക, ശാരീരികമാനസിക കരുത്ത് ആർ ജിക്കുന്നതിന് പ്രാപ്തരാക്കുക, മനോധൈര്യത്തോടെ പ്രതിസന്ധികളെ നേരിടുക എന്നീ ലക്ഷ്യങ്ങളും പദ്ധതിയിലുണ്ട്. കേരള പോലീസിലെ എറണാകുളം റൂറൽ ജില്ലാ വിഭാഗത്തിലെ ട്രെയിനർമാരായ എം കെ സിന്ധു, എം എം അമ്പിളി, കെ എൻ ബിജി എന്നിവരാണ് പെൺകുട്ടികൾക്ക് പരിശീലനം നൽകിയത്. 115 പെൺകുട്ടികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെസി പീറ്റർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാലി പീറ്റർ, ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബോബൻ കുര്യാക്കോസ്, മെമ്പർമാരായ സി എ ബാലു, ഷേർളി രാജു, ലിസി സണ്ണി, ബീന രാജൻ, എം എസ് സുജിത്ര, സിഡിഎസ് ചെയർപേഴ്സൺ നിഷിത സന്തോഷ്, ജെൻഡർ റിസോഴ്സ് സെന്റർ കോ ഓഡിനേറ്റർ ഗ്ലെയ്മി അലക്സ് തുടങ്ങിയവർ പങ്കെടുത്തു.

# തത്തപ്പള്ളിയിൽ പൊക്കാളി നെൽകൃഷി തുടങ്ങി



**കൊച്ചി:** കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ തത്തപ്പള്ളിയിൽ പൊക്കാളി നെൽകൃഷി തുടങ്ങി.വിത്തുവിത ഉദ്ഘാടനം കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ് ഷാജി നിർവ്വഹിച്ചു.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വർഷങ്ങളായി തരിശുകിടന്ന 14 ഏക്കർ സ്ഥലത്താണ് പൊക്കാളി നെൽകൃഷിയാരംഭിച്ചത്. നടാനാവശ്യമായ നെൽവിത്തുകൾ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ നിന്നും സൗജന്യമായാണ് കൃഷിക്കാർക്ക് നൽകിയത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജ വിജു, ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സുനിത ബാലൻ , മന്നം സഹകരണ ബാങ്ക് പ്രസിഡന്റ് ആദർശ് , കോട്ടുവള്ളി കൃഷിഓഫീസർ അതുൽ. ബി.മണപ്പാടൻ, എ.ഇ അതുൽ , കൃഷി അസിസ്റ്റന്റ് എസ്. കെ ഷിനു , മുൻ ഗ്രാമപഞ്ചായത്തംഗം സി. കെ അനിൽകുമാർ , കർഷകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ സന്നിഹിതരായി.

# യുവ പ്രതിഭാ പുരസ്കാരത്തിനുള്ള അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന യുവജന ക്ഷേമ ബോർഡ് 2022 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന് നിശ്ചിത ഫോറത്തിൽ നോമിനേഷൻ ക്ഷണിക്കുന്നു. വ്യക്തിഗത പുരസ്കാരത്തിനായി അതാത് മേഖകളിലെ 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെയാണ് നോമിനേറ്റ് ചെയ്യേത്. സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കുവീതം ആകെ 10 പേർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. പുരസ്കാരത്തിനായി സ്വയം അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. അതത് മേഖലകളുമായി ബന്ധപ്പെട്ട ഏതൊരാൾക്കും മറ്റൊരാളെ നോമിനേറ്റ് ചെയ്യാവുന്നതാണ്. പുരസ്കാരത്തിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പ്രതവും നൽകുന്നു. കൂടാതെ സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് യുവാ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷ ക്ഷണിച്ചു. ഒരോ ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുത്ത മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പ്രതവും പുരസ്കാരവും നൽകുന്നു. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000 രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും നൽകുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂലൈ 25, മാർഗ്ഗനിദ്ദേശങ്ങളും അപേക്ഷ ഫോറവും അതത് ജില്ലാ യുവജന കേന്ദ്രങ്ങളിലും സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും (www.skywb.kerala.gov.in). കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2428071

# രാമായണപാരായണവും സംഗീത കച്ചേരിയും

**കൊച്ചി :** മതസൗഹാർദ്ദത്തിന്റെയും സാംസ്കാരികതയുടെയും കേന്ദ്രമായ ചാവറ കൾച്ചറൽ സെന്ററിൽ രാമായണമാസാചരണത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് 6 മണിക്ക് രാമായണപാരായണവും സംഗീത കച്ചേരിയും സംഘടിപ്പിക്കുന്നു. രാമായണപാരായണത്തോടെ ആരംഭിക്കുന്ന സത്സംഗിൽ ആലുവ അദ്വൈതാശ്രമം മഠാധിപതി സ്വാമി ധർമ്മ ചൈതന്യ മുഖ്യസന്ദേശം നൽകും. എറണാകുളം അറബിക് അക്കാദമി ഫൗഷേൻ ഡയറക്ടർ ഹുസൈൻ മൗലവി, പ്രൊഫ. എം. കെ. സാനു, സി.എം.ഐ. സഭ വിദ്യാഭ്യാസ മാധ്യമ വിഭാഗം ജനറൽ കൗൺസിലർ ഫാ. മാർട്ടിൻ മള്ളാത്ത് സി.എം.ഐ., എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ എന്നിവർ സത്സംഗിൽ സംസാരിക്കും., ബി സിംഗ്, മുകേഷ് ജെയിൻ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് ഹിന്ദുസ്ഥാനി കർണ്ണാട്ടിക് സംഗീതങ്ങളെ സമന്വയിപ്പിച്ചുകൊ് സംഗീതജ്ഞരായ ഫാ. ആൻജോ പുത്തൂർ സി.എം.ഐ., ടി.പി.വിവേക് എന്നിവർ നയിക്കുന്ന രാഘവ രാഗലയം സംഗീത കച്ചേരി ഉായിരിക്കുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അറിയിച്ചു.

# നെഹ്റു ട്രോഫി വള്ളംകളി: 2.13 കോടിയുടെ ബജറ്റിന് അംഗീകാരം



**ആലപ്പുഴ:** ഓഗസ്റ്റ് 12ന് പുന്നമട കായലിൽ നടക്കുന്ന 69ാമത് നെഹ്റു ട്രോഫി ജലോത്സവത്തിന് 2,13,80,000 രൂപയുടെ ബജറ്റ്. ബോട്ട് റേസ് കമ്മറ്റിയുടെ ചെയർമാൻ കൂടിയായ ജില്ലകളക്ടർ ഹരിത വി.കുമാറിന്റെ അധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ കൂടിയ നെഹ്റുട്രോഫി ബോട്ട് റേസ് കമ്മറ്റിയുടെ എക്സിക്യൂട്ടീവ് കമ്മററിയുടെയും തുടർന്ന് നടന്ന ജനറൽ ബോഡിയുടെയും യോഗമാണ് ബജറ്റ് അംഗീകരിച്ചത്. എ.എം. ആരിഫ് എംപി, എം.എൽ.എ.മാരായ പി.പി. ചിത്തരഞ്ജൻ, എച്ച്. സലാം, തോമസ് കെ തോമസ്, എൻ.ടി.ബി.ആർ.സെക്രട്ടറി സബ്കളക്ടർ സൂരജ് ഷാജി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു യോഗങ്ങൾ.ഈ വർഷത്തെ പ്രതീക്ഷിത വരവും ചെലവുകളും യോഗത്തിൽ ചർച്ച ചെയ്തു. 2.13 കോടി രൂപയുടെ പ്രതീക്ഷിത വരവും ചെലവുമുള്ള കണക്കാണ് യോഗത്തിൽ അവതരിപ്പിച്ചത്. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാൻറായ ഒരു കോടി രൂപ ഉൾപ്പടെയാണ് വരുമാനത്തിന്റെ കണക്ക് അവതരിപ്പിച്ചത്. വിവിധ സബ് കമ്മിറ്റികളുടെ ബജറ്റും യോഗത്തിൽ അവതരിപ്പിച്ചു. ബോട്ടുക്ലബ്ബുകൾക്കുള്ള ബോണസും ഉടമകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റും 10 ശതമാനം വർധിപ്പിക്കാൻ തീരുമാനിച്ചതായി പി.പി.ചിത്തരഞ്ജൻ എം.എൽ.എ യോഗത്തിൽ പറഞ്ഞു. ബോണസായി 80 ലക്ഷം രൂപ, മെയിന്റനൻസ് ഗ്രാന്റായി 15 ലക്ഷം രൂപ, ഇൻഫ്രാസ്ട്രക്ച്വർ കമ്മിറ്റിക്ക് 50ലക്ഷം രൂപ, കൾച്ചറൽ കമ്മറ്റിക്ക് 7 ലക്ഷം രൂപ, പബ്ലിസിറ്റി കമ്മറ്റിക്ക് 5 ലക്ഷം എന്നിങ്ങനെയാണ് ബജറ്റ് കണക്കാക്കിയിട്ടുള്ളത്. ജലോത്സവത്തിൻറെ ചെലവ് കുറയ്ക്കാൻ സാധ്യമായ ഇടങ്ങളിലൊക്കെ ചെലവ് ചുരുക്കി വേണം വള്ളംകളി നടത്താനെന്ന് പി.പി. ചിത്തരഞ്ജൻ എം.എൽ.എ പറഞ്ഞു. പരമാവധി ജനപങ്കാളിത്തവും കക്ഷി രാഷ്ട്രീയത്തിന് അതീതമായ പിന്തുണയും ജലോത്സവത്തിൽ ഉറപ്പാക്കണമെന്ന് എച്ച്. സലാം എം.എൽ.എ. പറഞ്ഞു. നഗരസഭാ വൈസ് ചെയർമാൻ പി.എസ്.എം.ഹുസൈൻ, മുൻ എം.എൽ.എ കെ.കെ.ഷാജു എന്നിവർ സംസാരിച്ചു. സുവനീർ കമ്മറ്റി കൺവീനർ എ.ഡി.എം. എസ്. സന്തോഷ് കുമാർ, ഇൻഫ്രാസ്ട്രക്ചർ കമ്മറ്റി കൺവീനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ എം.സി.സജീവ് കുമാർ, പബ്ലിസിറ്റി കമ്മറ്റി കൺവീനർ കെ.എസ്.സുമേഷ് തുടങ്ങിയവർ വിവിധ സബ് കമ്മറ്റികളുടെ പ്രതീക്ഷിത ചെലവ് യോഗത്തിൽ അവതരിപ്പിച്ചു.

# പി എം അജയ് പദ്ധതികൾക്ക് അംഗീകാരം

## പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പി. എം അജയ് പദ്ധതി

**കൊച്ചി:** ജില്ലാതല പട്ടികജാതി പട്ടികവർഗ വികസന കമ്മിറ്റിയുടെ 2023-24 വർഷത്തെ യോഗം ചേർന്നു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി. എം അജയ് ) യുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകി. പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പി. എം അജയ് പദ്ധതി.കുട്ടുക്കാരൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സമർപ്പിച്ച രണ്ട് പദ്ധതികൾക്കും, ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് മോഡൽ ഫിനിഷിങ് സ്കൂൾ സമർപ്പിച്ച മൂന്ന് പദ്ധതികൾക്കും ഐ.




എച്ച്. ആർ. ഡി., കെൽട്രോൺ ആഗ്രോ പാർക്ക് എന്നിവർ സമർപ്പിച്ച ഓരോ പദ്ധതികൾക്കും യോ മീഡിയ ഷൂട്ട്സ്കൂൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്നിവർ സമർപ്പിച്ച രണ്ടു പദ്ധതികൾക്കു വീതവും അംഗീകാരം നൽകി. യോഗത്തിൽ കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പദ്ധതികളുടെ പുരോഗതി വിലയിരുത്തി. നിർമ്മാണം പൂർത്തികരിക്കാത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.ജില്ലാ ആസൂത്രണ സമിതി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാര, ജില്ലാ പ്ലാനിങ് ഓഫീസർ പി.എ ഫാത്തിമ, ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ. സന്ധ്യ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവസാഹിത്യ ക്യാമ്പ്

**കൊച്ചി:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യുവസാഹിത്യ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ളവർ തങ്ങളുടെ രചനകൾ (കഥാ, കവിത മലയാളത്തിൽ) ജൂലൈ 31 നു മുമ്പ് താഴപ്പറയുന്ന ഇമെയിൽ വിലാസത്തിലോ തപാൽ മുഖേനയോ അയയ്ക്കുക. മുൻപ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലികവുമായ രചനകൾ ഡി.റ്റി.പി ചെയ്ത് വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ആധാർ വോട്ടർ ഐ.ഡി. ഇവയിൽ ഏതെങ്കിലും ഒരെണ്ണം) ബയോഡേറ്റ, വാട്ട്സ് അപ്പ് നമ്പർ എന്നിവ സഹിതം നൽകേതാണ്. കവിത 60 വരിയിലും കഥ 8 ഫുൾസ്കാപ്പ് പേജിലും കവിയരുത്.രചനകൾ അയയ്ക്കേ വിലാസംSahithyacamp2023@gmail.com തപാൽ വിലാസം:കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെൻറർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം 695043.കൂടുതൽ വിവരങ്ങൾക്ക് 0484 2428071

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിങ്ങ് സിസ്റ്റം(എ.വി.ടി.എസ്) ഗവ: അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സുകളായ ഓട്ടോ കാർഡ് ആൻറ് ത്രീഡിഎസ് മാക്സ് (AutoCAD and 3ds Max) (കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ്), ഇലക്ട്രിക്കൽ മെയിന്റനൻസ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റിലേക്ക് അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷകൾ ഐ.ടി.ഐ കളമശ്ശേരി ക്യാംപസിൽ പ്രവർത്തിക്കുന്ന എ.വി.ടി.എസ് കളമശ്ശേരിയിൽ നേരിട്ട് നൽകാവുന്നതാണ്. ഐ.ടി.ഐ ട്രേഡുകൾ (NTC) പാസായവർക്കോ/ ഡിപ്ലോമ/ ഡിഗ്രിയുള്ളവർക്കോ/ മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തി പരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടു കൂടിയോ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842557275, 9847964698 ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## ഏകദിന പരിശീലനം

**കൊച്ചി:** സംരംഭകൻ അല്ലെങ്കിൽ സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക്ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് മത്സ്യത്തിന്റെ സംരംഭകത്വസാധ്യതകൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയെ കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, വില്ലിങ്ടൺ ഐലൻഡ്, കൊച്ചിയുടെ സാങ്കേതിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ ജൂലൈ 26 ന് രാവിലെ 09.30 മുതൽ 04.30 വരെ പരിശീലനം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ കീഡിൻറെ വെബ്സൈറ്റായ www.kied.info-ൽ ഓൺലൈനായി ജൂലൈ 20 ന് മുമ്പ് അപേക്ഷ സമർപ്പിക്കേതാണ്. തിരഞ്ഞെടുത്ത 50 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2550322, 2532890.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടേയും, അങ്കണവാടി ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉാകാവുന്ന ഒഴിവുകളിലേക്കും നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാകേതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ 18 മുതൽ അടുത്ത മാസം 5 വരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ 2ാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടേതാണ്. ഫോൺ നമ്പർ : 0484 2448803

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ ജ്യോതിഷ വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് അതിഥി അധ്യാപകരെ നിയമിക്കുന്നതിന് കൂടിക്കാഴ്ച നടത്തുന്നു. ഉദ്യോഗാർഥികൾ 55% മാർക്കോടെ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയവരും യുജിസി യോഗ്യതയുള്ളവരും എറണാകുളം മേഖല കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ അതിഥി അധ്യാപക ലിസ്റ്റിൽ ഉൾപ്പെട്ടവരോ കോളേജിയേറ്റ് ഡയറക്ടറുടെ നിർദേശാനുസരണം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവരോ ആയിരിക്കണം.യുജിസി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതാണ്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 26ന് രാവിലെ 11 ന് യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം പ്രിൻസിപാളിന്റെ ഓഫീസിൽ എത്തിച്ചേരണം.

# സ്ട്രക്ച്ചറൽ ഹാർട്ട് ആൻഡ് വാൽവ് സെന്ററുമായി കോഴിക്കോട് ആസ്റ്റർ മിംസ്




**കോഴിക്കോട് :** ഹൃദയത്തിന്റെ വാൽവുകൾക്കുണ്ടാകുന്ന തകരാറുകൾക്ക് സമഗ്ര ചികിത്സ നൽകുന്ന ഉത്തര കേരളത്തിലെ ആദ്യത്തെ 'സ്ട്രക്ച്ചറൽ ഹാർട്ട് ആൻഡ് വാൽവ് സെന്റർ' കോഴിക്കോട് ആസ്റ്റർ മിംസിൽ ആരംഭിച്ചു. രാജ്യാന്തര അഡ്വാൻസ്ഡ് കാർഡിയാക് ഇമേജിങ് കോൺക്ലേവിന്റെ ഉദ്ഘാടന ചടങ്ങിൽ ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ ഓൺലൈനിലൂടെയാണ് സ്ട്രക്ച്ചറൽ ഹാർട്ട് ആൻഡ് വാൽവ് സെന്റർ നാടിന് സമർപ്പിച്ചത്. കോൺക്ലേവിൽ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള ഹൃദ്രോഗ വിദഗ്ദന്മാരുടെ നേതൃത്വത്തിൽ നൂറോളം ഹൃദ്രോഗ വിദഗ്ധർക്കാണ് പരിശീലനം നൽകുന്നത്. ഹൃദയ സംരക്ഷണത്തിനും, ഹൃദയ വാൽവ് തകരാറുകൾക്കും ഏറ്റവും നൂതന ചികിത്സ തന്നെ നൽകുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഏകോപിപ്പിച്ചാണ് 'സ്ട്രക്ച്ചറൽ ഹാർട്ട് ആൻഡ് വാൽവ് സെന്റർ' സജ്ജമാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഹൃദ്രോഗത്തിന്റെ ശാസ്ത്രീയമായ പഠനത്തിലും നിർണ്ണയത്തിലും ചികിത്സയിലുമാണ് സെന്റർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വാൽവ് സംബന്ധ രോഗനിർണയത്തിലും ചികിത്സയിലും വൈദഗ്ധ്യമുള്ള ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകൾ, കാർഡിയാക് സർജന്മാർ, കാർഡിയാക് അനസ്തേഷ്യോളജിസ്റ്റുകൾ, ഇമേജിങ് സ്പെഷ്യലിസ്റ്റുകൾ ഇന്റൻസിവിസ്റ്റുകൾ എന്നിങ്ങനെ ഉയർന്ന പരിശീലനം ലഭിച്ചവരാണ് 'സ്ട്രക്ച്ചറൽ ഹാർട്ട് ആൻഡ് വാൽവ് സെന്റർ' ടീമിൽ ഉൾപ്പെടുന്നത്.വാൽവ് സംബന്ധമായ രോഗങ്ങൾ, ഹൃദയാഘാതത്തെ തുടർന്നുണ്ടാകുന്ന വാൽവ് ചോർച്ച, ഇതുമൂലമുണ്ടാകുന്ന അണുബാധ എന്നിവക്കെല്ലാം എത്രയും വേഗം ചികിത്സ നൽകേണ്ടതുണ്ട്. ഇതിന് പുറമേ വാൽവിന്റെ സ്ഥിതി മെച്ചപ്പെടുത്തൽ, മാറ്റി സ്ഥാപിക്കൽ എന്നിവയും, ഹൃദയ വാൽവുകളുടെ ചുരുക്കം, ചോർച്ച എന്നീ പ്രശ്നങ്ങൾക്കും ജന്മനാ സുഷിരങ്ങളോ ദ്വാരങ്ങളോ ഉണ്ടെങ്കിൽ അതിനുമുള്ള ചികിത്സകളും സെന്ററിൽ ലഭ്യമാക്കും.3 ഡി, 4 ഡി ട്രാൻസോഫേജൽ എക്കോ, കാർഡിയാക് സി.ടി സ്കാൻ, കാർഡിയാക് എം.ആർ.ഐ ഉൾപ്പെടെയുള്ള അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ സെന്ററിലുണ്ടാകും. ചികിത്സ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനും സൂക്ഷ്മമായി ക്രമീകരിക്കുന്നതിനും ഇവ സഹായിക്കുമെന്നും സങ്കീർണ്ണമായ ചികിത്സ നൽകുന്ന ഹൈബ്രിഡ് കാത്ത് ലാബ് ആവശ്യമെങ്കിൽ ശസ്ത്രക്രിയാ തീയറ്ററായുംപ്രവർത്തിക്കാനാകുമെന്ന് ആസ്റ്റർ മിംസ് കാർഡിയോളജി വിഭാഗം തലവൻ ഡോ. ഷഫീഖ് മാട്ടുമ്മൽ പറഞ്ഞു.ഉത്തര കേരളത്തിൽ ആദ്യമായി ശസ്ത്രക്രിയ കൂടാതെ ഹൃദയത്തിന്റെ വാൽവ് മാറ്റിവെക്കുന്ന അതിനൂതനമായ ചികിത്സാ രീതിയായ ടാവി ഇതിനോടകം 50 എണ്ണം വിജയകരമായി പൂർത്തിയാക്കി എന്ന മികവും ആസ്റ്റർ മിംസിനുണ്ട്.യുവജനങ്ങളിൽ കണ്ടുവരുന്ന സ്ട്രോക്കിന് (YOUNG STROKE) കാരണമാകുന്ന ഹൃദയത്തിലുണ്ടാകുന്ന സുഷിരത്തിനുള്ള ചികിത്സയും (Patent Foramen Ovale (PFO) Closure) ഇവിടെ ലഭ്യമാണ്. കത്തീറ്റർ വഴി ഡിവൈസ് ക്ലോഷർ ചെയ്ത് പരിഹരിക്കുന്ന ഈ ചികിത്സ വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷന്റെ അംഗീകാരത്തോടെ ചെയ്യുന്ന രാജ്യത്താകെയുള്ള അഞ്ച് സെന്ററുകളിലൊന്നാണ് കോഴിക്കോട് ആസ്റ്റർ മിംസ് എന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.

## അന്താരാഷ്ട്ര വിദ്യാഭ്യാസ പ്രദർശനം

# ഇന്ത്യൻ പവിലയൻ പാർട്ണറായി മൈക്രോ എഡ്യുക്കേഷൻ ഗ്രൂപ്പ്

**കൊച്ചി:** ഷാർജാ ചേമ്പർ ഓഫ് കൊമേഴ്സ്, മിനിസ്ട്രി ഓഫ് എജ്യൂക്കേഷൻ ഷാർജ, പ്രൈവറ്റ് എഡ്യൂക്കേഷൻ അതോറിറ്റി, എമിറേറ്റ്സ് സ്കൂൾ ഓഫ് എസ്റ്റാബ്ലിഷ്മെന്റ് എന്നിവരുടെ സഹകരണത്തോടെ ഷാർജാ എക്സ്പോ സെന്റർ ഒക്ടോബർ 18 മുതൽ 21 വരെ സംഘടിപ്പിക്കുന്ന 19 താമത് അന്താരാഷ്ട്ര വിദ്യാഭ്യാസ പ്രദർശനത്തിന്റെ ഔദ്യോഗിക ഇന്ത്യൻ പവിലയൻ പാർട്ണറായി മൈക്രോ എഡ്യുക്കേഷൻ ഗ്രൂപ്പ്. ഇത് സംബന്ധിച്ച് കരാറിൽ ഒപ്പുവെച്ചതായി മൈക്രോടെക് എഡ്യൂക്കേഷനൽ ഗ്രൂപ്പ് ചെയർമാൻ ഷിബു കെ മുഹമ്മദ്, ഷാർജ എക്സ്പോ സെന്റർ കമേഴ്സ്യൽ ഡയറക്ടർ സുൽത്താൻ ഷാറ്റാഫ്,എക്സിബിഷൻ മാനേജർ ഗൗരവ് ഗഹ്റ്ഗരി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.യുഎഇ യിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസ ഉന്നമനം ശക്തിപ്പെടുത്തുന്നതാണ് ഈ കരാറെന്ന് ഷിബു കെ മുഹമ്മദ് പറഞ്ഞു.34 രാജ്യങ്ങളിൽ നിന്നും ഏകദേശം 200 ഓളം പ്രമുഖ യൂണിവേഴ്സിറ്റികൾ പങ്കെടുക്കുന്ന ഈ വിദ്യാഭ്യാസ പ്രദർശനം 25000 പരം വിദ്യാർത്ഥികളും, അര ലക്ഷത്തിലധികം രക്ഷിതാക്കളും പങ്കെടുക്കുന്ന ഒന്നാണ്. ആഗോള വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും സ്വികാര്യതയും, മുൻനിരയിൽ നിൽക്കുന്നതുമായ ഈ വിദ്യാഭ്യാസ പ്രദർശനം വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെ പറ്റിയും,ആഗോള തോഴിൽ അവസരങ്ങളെ അടുത്ത് അറിയാനുമുള്ള അവസരമാണ് ഒരുക്കുന്നത്.



യു.എ.ഇ ലെ ആകെ ജനസംഖ്യയുടെ 38 ശതമാനം വരുന്ന ഇന്ത്യൻ ജനതയുടെയും, 100 പരം ഇന്ത്യൻ സ്കൂളുകളിലായി പഠിക്കുന്ന രണ്ടുലക്ഷത്തിൽ കൂടുതൽ ഇന്ത്യൻ വിദ്യാർഥികളുടെയും മുന്നിലേക്ക് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും, പ്രമുഖ യൂണിവേഴ്സിറ്റികളെയും പരിചയപ്പെടുത്തുകയും തുടർവിദ്യാഭ്യത്തിന് ഇന്ത്യയിലേക്ക് വരാൻ പ്രചോദനീ നൽകുകയും ചെയ്യുക എന്നതാണ് ദി കരിയർ ജേർണി എന്ന പേരിലുള്ള ഇന്ത്യൻ പവിലിയന്റെ ആശയം എന്നും അദ്ദേഹം പറഞ്ഞു.ഷാർജ എക്സ്പോ സെന്റർ കമേഴ്സ്യൽ ഡയറക്ടർ സുൽത്താൻ ഷാറ്റാഫ്, എക്സിബിഷൻ മാനേജർ ഗൗരവ് ഗഹ്റ്ഗരി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# 750 കോടി രൂപയുടെ ബാറ്ററിചാർജർ ഓർഡർ നേടി സ്പാർക് മിൻഡ

SPARK MINDA
Powered by Passion

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഓട്ടോമോട്ടീവ് കംപോണന്റ് നിർമാണ കമ്പനികളിലൊന്നായ മിൻഡ കോർപ്പറേഷൻ ലിമിറ്റഡ്, പ്രമുഖ ഒഇഎമ്മിൽ നിന്നും 750 കോടി രൂപയുടെ ബാറ്ററി ചാർജർ നിർമാണത്തിന് ഓർഡർ നേടി. വൈദ്യുത വാഹന (ഇവി) മേഖലയിൽ വൻ കുതിച്ചു ചാട്ടം നടത്തുന്ന സ്പാർക് മിൻഡയുടെ ഫൽഗ്ഷിപ്പ് കമ്പനിയാണ് മിൻഡ കോർപ്പറേഷൻ ലിമിറ്റഡ്. വൈദ്യുത വാഹനങ്ങൾക്കുള്ള ബാറ്ററി ചാർജർ നിർമിക്കുന്നതിനു വേണ്ടിയുള്ളതാണ് നിർണായകമായ ഈ കരാർ. പൂനെയിലെ സ്പാർക് മിൻഡയുടെ അത്യാധുനിക നിർമാണ കേന്ദ്രമായ സ്പാർക് മിൻഡ ഗ്രീൻ മൊബിലിറ്റി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിൽ ആയിരിക്കും ഓർഡർ അനുസരിച്ചുള്ള ഉത്പന്നം നിർമിക്കുക. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പനിക്ക് മൊത്തത്തിൽ ലഭിച്ച ഓർഡറുകളിൽ ഏതാണ്ട് 20 ശതമാനവും വൈദ്യുത വാഹനങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. ഹരിതവും കണക്ടടുമായ സഞ്ചാര രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്പാർക് മിൻഡയുടെ നേതൃത്വത്തെ ഈ പദ്ധതി കൂടുതൽ കരുതുറ്റതാക്കും. സ്പാർക് മിൻഡയുടെ കരുത്തുറ്റ ഇവി ഉൽപ്പന്ന നിരയുടേയും ഉപഭോക്താക്കൾക്ക് വേണ്ടി ശ്രദ്ധയൂന്നുന്നതിന്റേയും സാക്ഷ്യപ്പെടുത്തലാണ് അഭിമാനകരമായ ഈ ഓർഡറെന്ന് നിർണായകമായ നേട്ടത്തെ കുറിച്ച് സംസാരിക്കവെ എക്സിക്യൂട്ടീവ് ഡയറക്ടർ ആകാശ് മിൻഡ പറഞ്ഞു. ആഗോള ഓട്ടോമൊബൈൽ വ്യവസായത്തിന്റെ വളർന്നു വികസിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് മാറുവാനുള്ള ഞങ്ങളുടെ കഴിവിന്റെ സാക്ഷ്യപത്രമാണ് ഇതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ടി.കെ. പത്മിനി പുരസ്കാര സമർപ്പണം നടത്തി



**എടപ്പാൾ:** ഇന്ത്യൻ ചിത്രകലയുടെ സ്ത്രീ സാന്നിധ്യങ്ങളിലൊന്നായ മൺമറഞ്ഞ ടി.കെ. പത്മിനയുടെ സ്മരണക്കായി കേരള ലളിതകലാ അക്കാദമിയും ടി.കെ. പത്മിനി ട്രസ്റ്റും സംയുക്തമായി 2023 ജൂലായ് 15ന് എടപ്പാൾ വള്ളത്തോൾ കോളേജ് ഓഡിറ്റോറിയത്തിൽ ടി.കെ. പത്മിനി അനുസ്മരണവും പുരസ്കാര സമർപ്പണവും ഏകദിന വനിതാ ചിത്രകലാ ക്യാമ്പും സംഘടിപ്പിച്ചു.ടി.കെ. പത്മിനി ട്രസ്റ്റ് നൽകുന്ന ടി.കെ. പത്മിനി പുരസ്കാര സമർപ്പണ ചടങ്ങിന്റെ ഉദ്ഘാടനവും പുരസ്കാര സമർപ്പണവും പൊന്നാനി എം.എൽ.എ. പി. നന്ദകുമാർ നിർവ്വഹിച്ചു. 'ടി.കെ.പത്മിനിയ്ക്ക് കലാജീവിതത്തിൽ നേടിയെടുക്കാൻ സാധിക്കാതെ പോയവ പിന്നാലെ വരുന്ന പുതുതലമുറ കലാകാരർക്ക് ലഭിക്കുന്ന തരത്തിൽ മികച്ച സാഹചര്യം ഒരുക്കി നൽകുക എന്നതാണ് പത്മിനിക്ക് നൽകാവുന്ന അനുസ്മരണമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പി. നന്ദകുമാർ പറഞ്ഞു. ചെന്നൈ ചോളമണ്ഡലം കലാഗ്രാമത്തിൽ താമസിച്ച് കലാപ്രവർത്തനം നടത്തി വരുന്ന മലയാളിയായ പ്രശസ്ത ചിത്രകാരൻ പി. ഗോപിനാഥാണ് ടി.കെ. പത്മിനി പുരസ്കാരത്തിനർഹനായത്. 25,000/ രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ തവനൂർ എം.എൽ.എ. ഡോ. കെ.ടി. ജലീൽ മുഖ്യാതിഥിയായിരുന്നു. ടി.കെ. പത്മിനി ട്രസ്റ്റ് ചെയർമാൻ ആലങ്കോട് ലീലാകൃഷ്ണൻ ആമുഖപ്രഭാഷണവും ടി.കെ. പത്മിനി പുരസ്കാരത്തിന് അർഹനായ പി. ഗോപിനാഥ് മറുഭാഷണവും നടത്തി. ടി.കെ. പത്മിനി ട്രസ്റ്റ് സെക്രട്ടറി ഉത്തമൻ കാടഞ്ചേരി സ്വാഗതവും ടി.കെ. പത്മിനി ട്രസ്റ്റ് അംഗം കണ്ണൻ സൂരജ് നന്ദിയും അർപ്പിച്ചു.ടി.കെ. പത്മിനി അനുസ്മരണത്തിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമി മലയാളികളായ 12 കലാകാരികളെ ഉൾപ്പെടുത്തി 2023 ജൂലൈ 15ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ ഏകദിന വനിതാ ചിത്രകലാ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്.അമ്മു എസ്, അനിത ടി.കെ, കാവ്യ എസ്. നാഥ്, നിരഞ്ജന വർമ്മ, പ്രിയരഞ്ജിനി പി, സാറാ ഹുസൈൻ, സ്മിജ വിജയൻ, ഷബീബ മലപ്പുറം, ശ്രീജ പള്ളം, വിശ്വതി പി. എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

# ആക്സിയ ടെക്നോളജീസും എ.ഒ.എക്സും കൈകോർക്കുന്നു

**കൊച്ചി:** ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ മേഖലയിൽ സുപ്രധാന കാൽവെപ്പുമായി കേരളത്തിൽ നിന്നുള്ള ഐ.ടി കമ്പനിയായ ആക്സിയ ടെക്നോളജീസ്. ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സിയ ജർമൻ കമ്പനിയായ എ.ഒ.എക്സുമായി കൈകോർത്താണ് പുതിയ സാധ്യതകൾക്ക് കളം ഒരുക്കുന്നത്. ഇതുവഴി നിരവധി തൊഴിലവസരങ്ങൾ കൂടിയാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി.ഇ.ഒയുമായ ജിജിമോൻ ചന്ദ്രൻ പറഞ്ഞു. ബി.എം.ഡബ്ല്യു ഉൾപ്പടെയുള്ള വാഹന ഭീമന്മാർക്ക് പുതു തലമുറ വാഹനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ നിർമിച്ച് ആഗോള തലത്തിൽ ശ്രദ്ധ നേടിയ സ്ഥാപനമാണ് ആക്സിയ ടെക്നോളജീസ്. ഇരു സ്ഥാപനങ്ങളും ഒരുമിക്കുന്നതോടെ ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ വികസനത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകും. ഓട്ടോസാർ, ഇതർനെറ്റ്, പി.സി.ഐ തുടങ്ങിയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി അത്യാധുനിക സോഫ്റ്റ്വെയർ ഡിസൈനുകളുടെ സഹായത്തോടെ കാർ വ്യവസായത്തിൽ വലിയ മുന്നേറ്റങ്ങളാണ് സാധ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇതിലൂടെ 1000 തൊഴിൽ അവസരങ്ങളാണ് തുറക്കപ്പെടുന്നത്. ഓട്ടോമോട്ടീവ് സോഫ്റ്റ്വെയറുകളുമായി ബന്ധപ്പെട്ട ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളുമായി ഇടപഴകാനും കൂടുതൽ സംഭാവനകൾ നൽകാനുമുള്ള അവസരങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്.രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഈ സഹകരണത്തിലൂടെ ഓട്ടോമോട്ടീവ് എഞ്ചിനീയറിംഗിലെ ജർമ്മനിയുടെ ആഗോള നേതൃത്വവും സോഫ്റ്റ്വെയർ വ്യവസായത്തിലെ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യവും ഉപയോഗപ്പെടുത്താനാകുമെന്നും ഇതുവഴി ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ സാങ്കേതികവിദ്യയിൽ വലിയ മുന്നേറ്റങ്ങൾക്കാണ് അവസരം ഒരുങ്ങുന്നതെന്നും ജിജിമോൻ ചന്ദ്രൻ പറഞ്ഞു. ടെക്നോപാർക്കിന് പുറമേ കൊച്ചി, ബാംഗ്ലൂർ എന്നിവിടങ്ങളിലും സെന്ററുകളുള്ള ആക്സിയ ടെക്നോളജീസ് മാസങ്ങൾക്ക് മുൻപ് ജർമ്മൻ ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ സർവീസ് സ്റ്റാർട്ടപ്പായ ആർട്ടിക്ടെർൺ സൊല്യൂഷൻസ് ജിഎംബിഎച്ചിനെ ഏറ്റെടുത്തിരുന്നു. ജർമ്മനിയിലെയും യൂറോപ്പിലെയും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനം തന്നെ നൽകാൻ ആക്സിയയുടെയും എ.ഒ.എക്സിന്റെയും സഹകരണത്തിലൂടെ സാധിക്കുമെന്ന് എ.ഒ.എക്സ് സി.ഇ.ഒ റൈനർ ഓഡർ കൂട്ടിച്ചേർത്തു.

# ബിജു മേനോൻ,വിഷ്ണു മോഹൻ ചിത്രം തുടങ്ങി



**കൊച്ചി:** ബിജു മേനോൻ, അനു മോഹൻ, നിഖില വിമൽ, ഹക്കിം ഷാജഹാൻ, സിദ്ധിഖ്,രഞ്ജി പണിക്കർ തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി 'മേപ്പടിയാൻ' എന്ന ഹിറ്റ് ചിത്രത്തിന് ശേഷം വിഷ്ണു മോഹൻ തിരക്കഥയെഴുതി എഴുതി സംവിധാനം ചെയ്യുന്ന രണ്ടാമത്തെ ചിത്രത്തിന്റ പൂജയും സ്വിച്ചോൺ കർമ്മവും ഇടപ്പള്ളി അഞ്ചുമന ദേവീ ക്ഷേത്രത്തിൽ വെച്ച് നടന്നു. മേപ്പടിയാന്റെ നിർമ്മാതാവായ ഉണ്ണി മുകുന്ദന്റെ അച്ഛൻ എം മുകുന്ദൻ ക്ലാപ്പടിച്ചു.പ്ലാൻ ജെ സ്റ്റുഡിയോസ്, വിഷ്ണു മോഹൻ സ്റ്റോറീസ് എന്നീ ബാനറുകളിൽ ജോമോൻ ടി ജോൺ, ഷമീർ മുഹമ്മദ് വിഷ്ണു മോഹൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജോമോൻ ടി ജോൺ നിർവ്വഹിക്കുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഹാരിസ് ദേശം,എഡിറ്റർഷമീർ മുഹമ്മദ്,സംഗീതംഅശ്വിൻ ആര്യൻ,പ്രൊഡക്ഷൻ ഡിസൈനർ സുഭാഷ് കരുൺ,കോസ്റ്റ്യൂസ്ഇർഷാദ് ചെറുകുന്ന്,പ്രൊഡക്ഷൻ കൺട്രോളർറിനി ദിവാകരൻ,സൗണ്ട് ഡിസൈൻടോണി ബാബു,പ്രൊജക്ട് ഡിസൈനർവിപിൻ കുമാർ,സ്റ്റിൽസ് അമൽ,പ്രൊമോഷൻസ്ടെൻജി മീഡിയ, പോസ്റ്റർ ഡിസൈൻയെല്ലോ ടൂത്ത്. ജൂലൈ പതിനെട്ടിന് ആലപ്പുഴയിൽ ആരംഭിക്കുന്ന ഈ പ്രണയ ചിത്രത്തിന്റെ ചിത്രീകരണം ആലപ്പുഴ, കുമളി, പാലക്കാട്, തിരുവനന്തപുരം എന്നിവിടങ്ങളിലായി പൂർത്തിയാകും.പി ആർ ഒ എ എസ് ദിനേശ്.

# കേരളത്തിന്റെ രുചിവൈവിധ്യം കാഴ്ചവെയ്ക്കാൻ ഹിസ്റ്ററി ടിവി 18 നും റോക്കിയും




**കൊച്ചി:** കേരളീയ വിഭവങ്ങളുടേയും ടൂറിസം ആകർഷണങ്ങളുടേയും വൈവിധ്യം കാഴ്ചവെയ്ക്കാൻ ഹിസ്റ്ററി ടിവി 18 നും ഫുഡ്ട്രാവൽ സെലിബ്രിറ്റിയായ റോക്കി സിംഗും ചേർന്നവതരിപ്പിക്കുന്ന സൂപ്പർ ഹിറ്റ് ഡിജിറ്റൽ സീരിസായ **#RoadTrippinWithRocky.** കേരളം മുഖ്യപ്രമേയമാകുന്ന റോഡ് ട്രിപ്പിംഗ് വിത്ത് റോക്കിയുടെ പുതിയ സീസണിന്റെ ലൈവ് സ്ട്രീമിംഗ് ഹിസ്റ്ററി ടിവി 18ന്റേയും ലക്ഷക്കണക്കിനാളുകൾ ഫോളോ ചെയ്യുന്ന റോക്കി ആൻഡ് മയൂർ എന്ന പേരിലുള്ള സോഷ്യൽ മീഡിയാ അക്കൗണ്ടുകളിലൂടെയും ജൂലൈ 17 മുതൽ 28 വരെ നടക്കും. കോവളം ബീച്ചിലാംരഭിക്കുന്ന പുതിയ സീസൺ തുടർന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് വഴി കോയമ്പത്തൂരിൽ സമാപിക്കും. ജൂലൈ 23ന് കൊച്ചിയിലെത്തുന്ന റോക്കി ഫോർട്ടുകൊച്ചിയിലെ ടൂറിസം ആകർഷണങ്ങളും ഭക്ഷ്യവൈവിധ്യങ്ങളും പകർത്തും. തൃശൂരിൽ ജൂലൈ 26നെത്തുന്ന റോക്കി പ്രസിദ്ധമായ അംബിസ്വാമിയുടെ സദ്യയും തൃശൂരിന്റെ പായസവൈവിധ്യവുമാണ് പ്രേക്ഷകർക്ക് പരിചയപ്പെടുത്തുക.14 സീസണുകൾ പിന്നിട്ടു കഴിഞ്ഞ സീരിസ് ഇതുവരെ 22 സംസ്ഥാനങ്ങളിലായി 18000 കിലോമീറ്റർ പിന്നിട്ടു. ഹിസ്റ്ററി ടിവി 18, റോക്കി ആൻഡ് മയൂർ എന്നിവരുടെ യുട്യൂബ്, ടിറ്റർ, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, ത്രെഡ്സ് അക്കൗണ്ടുകളിലായി സീരിസ് ഇതുവരെ 40 കോടി വിഡിയോ വ്യൂസും 135 കോടി ഇംപ്രെഷൻസും പിന്നിട്ടു കഴിഞ്ഞു.

